The Heavenly Light Ministry

നന്മയല്ലാതൊന്നും ചെയ്തീടാത്തവൻ
തിന്മയാകെ മായിക്കുന്നവൻ
പാപമെല്ലാം മറയ്ക്കുന്നവൻ - പുതു
ജീവനെന്നിൽ പകരുന്നവൻ

യേശു.......യേശു........അവനാരിലും വലിയവൻ
യേശു......യേശു....... അവനാരിലും മതിയായവൻ

ദൈവത്തെ സ്നേഹിക്കുമ്പോൾ സർവ്വം
നന്മയ്ക്കായി ഭവിച്ചീടുന്നു
തിരുസ്വരമനുസരിച്ചാൽ -
നമുക്കൊരുക്കീടുമവനഖിലം
കൃപയരുളീടുമേ - ബലമണിയിക്കുമേ
മാറാ മധുരമായി മാറ്റീടുമേ (നന്മയല്ലാ....)

ഇരുൾ നമ്മേ മൂടിടുമ്പോൾ
ലോക വെളിച്ചമായവനണയും
രോഗികളായിടുമ്പോൾ
സൗഖ്യദായകനവൻ കരുതും
അവന്നാലയത്തിൽ - സ്വർഗ്ഗനന്മകളാൽ
നമ്മെ നിറച്ചീടുമനുദിനവും (നന്മയല്ലാ....)

കണ്ണുനീർ താഴ്വരകൾ
ജീവജലനദിയാക്കുമവൻ
ലോകത്തിൽ ചങ്ങലകൾ
മണി വീണയായ് തീർക്കുമവൻ
സീയോൻ യാത്രയതിൽ മോക്ഷ മാർഗ്ഗമതിൽ
സ്നേഹകൊടിക്കീഴിൽ നയിക്കുമവൻ (നന്മയല്ലാ....)